**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - കണ്ണൂർ ജില്ലയിലെ കൊട്ടിയൂർ ഗ്രാമ പഞ്ചായത്ത് ആഫീസിലെ ഓഫീസ് അറ്റൻഡന്റ് ആയ ശ്രീമതി.സാനി.കെ.പത്രോസിന്റെ ചികിത്സയ്ക്ക് കൊച്ചി മെഡിക്കൽ ട്രസ്റ്റ് ആശുപത്രിയിൽ ചികിൽസ നടത്തിയ ഇനത്തിൽ നേരിട്ട ചെലവ് പ്രതിപൂരണം ചെയ്തു നൽകുന്നതിന് പൂർവ്വകാല അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ഇപിഎ) വകുപ്പ്**

സ.ഉ. (സാധാ) നം.**2296/ 2020/ തസ്വഭവ.** **തീയതി, തിരുവനന്തപുരം, 12/ 12/ 2020.**

---

പരാമർശം:

1) 11/ 07/ 2012 ലെ 24623/ G2/ 2012/ H&FWD നമ്പർ സർക്കുലർ.
2) G.O.(P)No.83/ 2017/ H&FWD dated 28/ 12/ 2017.
3) ശ്രീമതി.സാനി.കെ.പത്രോസിന്റെ 27.09.2017 ലെ അപേക്ഷയും ബില്ലുകളും.
4) പഞ്ചായത്ത് ഡയറക്ടറുടെ 09/ 12/ 2019 ലെ എഫ്2- 43984/ 17 നമ്പർ കത്ത്.
5) കൊട്ടിയൂർ ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ 27.01.2018 ലെ 25/ 2018 നമ്പർ തീരുമാനം.
6) ആരോഗ്യവകുപ്പ് ഡയറക്ടറുടെ 06.11.2019 ലെ (എൽ.ഡിസ്) എം.ആർ 5. 14380/ 2019/ ആ.വ.ഡ നം. കത്ത്.

**ഉത്തരവ്**

കണ്ണൂർ ജില്ലയിലെ കൊട്ടിയൂർ ഗ്രാമ പഞ്ചായത്ത് ആഫീസിലെ ഓഫീസ് അറ്റൻഡന്റ് ആയ ശ്രീമതി.സാനി.കെ.പത്രോസിന്റെ ചികിത്സയ്ക്ക് കൊച്ചി മെഡിക്കൽ ട്രസ്റ്റ് ആശുപത്രിയിൽ നേരിട്ട ചികിത്സാ ചെലവ് പ്രതിപൂരണം ചെയ്തു നൽകുന്നതിന് പരാമർശം (3) പ്രകാരം സമർപ്പിച്ച അപേക്ഷ പ്രത്യേക അനുമതിക്കായി പരാമർശം (4) പ്രകാരം പഞ്ചായത്ത് ഡയറക്ടർ ശിപാർശ ചെയ്ത് സർക്കാരിൽ സമർപ്പിച്ചു.

ആരോഗ്യവകുപ്പ് ഡയറക്ടറുടെ പരാമർശം (6) ലെ പരിശോധനാ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ അപേക്ഷകന് നേരിട്ട ചികിൽസാ ചെലവിൽ 1,69,289/- രൂപ യുടെ 80% തുകയായ 1,35,431/- (ഒരു ലക്ഷത്തി മുപ്പത്തയായ്യിരത്തി നാനൂറ്റി മുപ്പത്തി ഒന്ന് രൂപ മാത്രം) അപേക്ഷകന് മെഡിക്കൽ റീഇംപേഴ്സ് മെന്റ് ആനുകൂല്യമായി അനുവദിക്കാവുന്നതാണെന്നും പഞ്ചായത്ത് ഡയറക്ടർ പരാമർശം (4) പ്രകാരം റിപ്പോർട്ട് ചെയ്തു. മേൽ തുക കൊട്ടിയൂർ ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്നും അനുവദിക്കുന്നതിന് പരാമർശം (5) പ്രകാരം പഞ്ചായത്ത് കമ്മിറ്റി തീരുമാനിച്ചിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കണ്ണൂർ ജില്ലയിലെ കൊട്ടിയൂർ ഗ്രാമ പഞ്ചായത്ത് ആഫീസിലെ ഓഫീസ് അറ്റൻഡന്റ് ആയ ശ്രീമതി.സാനി.കെ.പത്രോസിന്റെ ചികിത്സയ്ക്ക് കൊച്ചി മെഡിക്കൽ ട്രസ്റ്റ് ആശുപത്രിയിൽ ചികിൽസ നടത്തിയ നടപടി ഒരു

പ്രത്യേക കേസായി പരിഗണിച്ച് നിലവിലെ KGSMA Rules, 1960 ചട്ടങ്ങൾ പ്രകാരം 13.06.2017 മുതൽ 03.07.2017 വരെയുള്ള പ്രസ്തുത ചികിത്സയ്ക്ക് ചെലവായ തുകയിൽ ആരോഗ്യ വകുപ്പ് ഡയറക്ടർ അനുവദനീയമെന്ന് അറിയിച്ചിരുന്ന തുകയായ 1,69,289/- രൂപ യുടെ 80% തുകയായ 1,35,431/- (ഒരു ലക്ഷത്തി മുപ്പത്തയായ്യിരത്തി നാന്യറ്റി മുപ്പത്തി ഒന്ന് രൂപ മാത്രം) പ്രസ്തുത മെഡിക്കൽ ബില്ലുകളുടെ വാസ്തവികത, അർഹത, കൃത്യത എന്നിവ പരിശോധിച്ച് ഉറപ്പുവരുത്തിയ ശേഷം, സർക്കാരിന് യാതൊരു സാമ്പത്തിക ബാദ്ധ്യതയും ഉണ്ടാകാൻ പാടില്ല എന്ന വ്യവസ്ഥയിൽ കൊട്ടിയൂർ ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്നും പ്രതിപൂരണം ചെയ്തു നൽകുന്നതിന് പഞ്ചായത്ത് ഡയറക്ടർക്ക് അനുമതി നൽകിക്കൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**ലീന.എ**

**ഡെപ്യൂട്ടി സെക്രട്ടറി**

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം. (മെഡിക്കൽ ബില്ലുകളും അനുബന്ധ രേഖകളും സഹിതം).
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കണ്ണൂർ . (പഞ്ചായത്ത് ഡയറക്ടർ മുഖേന).
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ(എൽ ബി എ), കേരള ബ്രാഞ്ച് ഓഫീസ്, തൃശ്ശൂർ.
ശ്രീമതി.സാനി.കെ.പത്രോസ്, ഓഫീസ് അറ്റൻഡന്റ്, കൊട്ടിയൂർ ഗ്രാമപഞ്ചായത്ത്, കണ്ണൂർ ജില്ല. (പഞ്ചായത്ത് ഡയറക്ടർ മുഖേന).
ആരോഗ്യ വകുപ്പ്( 17.03.2020- ലെ G2/502/2020//H&FWD നം. കുറിപ്പ് പ്രകാരം)
എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ. കെ. എം, തിരുവനന്തപുരം.
വെബ് & ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്.
കരുതൽ ഫയൽ/ ഓഫീസ് പകർപ്പ്.(No.42/EPA3/2020/LSGD).

ഉത്തരവിൻപ്രകാരം,

സെക്ഷൻ ഓഫീസർ